# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5911 • 09.07.2012 ൽ മറുപടിക്ക്

### റോഡുകളുടെ ദീർഘകാല സംരക്ഷണം

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ:
„ വി.റ്റി. ബൽറാം:
„ ഹൈബി ഈഡൻ:
„ വർക്കല കഹാർ:

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
( പൊതു മരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് റോഡുകളുടെ ദീർഘകാല സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ആയതിനായുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ഡി) റോഡുകളുടെ ദീർഘകാല സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

(എ), (ബി), സി) & (ഡി)

കെ.എസ്.റ്റി.പി യിൽ ഒന്നാം ഘട്ടത്തിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 254 കി.മീ. റോഡുകളുടെ ദീർഘകാല സംരക്ഷണം (ലോങ്ങ് ടേം മെയിന്റനൻസ്) കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഒന്നാം ഘട്ടത്തിൽ ഹെവി മെയിന്റനൻസ് ചെയ്ത 13 റോഡുകൾ 5 വർഷത്തെ ലോങ്ങ് ടേം മെയിന്റനൻസിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റേയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നിർമ്മിക്കുന്നത്. ദീർഘകാല സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേ വിഭാവനം ചെയ്യുന്ന എല്ലാ മേജർ ജോലികൾക്കും ഡിഫക്ട് ലൈബിലിറ്റി പിരീഡ് 3 വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

..............2/

നിരത്തുകളും പാലങ്ങളും വിഭാഗ ത്തിൽ റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 5 വർഷ കരാർ കാലാവധി നിശ്ചയി - ച്ചിട്ടുള്ള 'ഹെവിമെയിന്റനൻസ്' പദ്ധതി നടപ്പിലാക്കി വരുന്നു. 'ഹെവി മെയിന്റനൻസ് പദ്ധതി പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ 5 വർഷക്കാലം റോഡ് പൂർണതോതിൽ ഗതാഗത യോഗ്യമാക്കി സംരക്ഷിക്കു- ന്നതിന് വേണ്ടുന്ന തരത്തിൽ കരാർ ഉടമ്പടി പ്രകാരം ചുമതലപ്പെടുത്തുന്ന രീതിയാണ് നടപ്പിൽ വരുത്തുന്നത്.

സെക്ഷൻ ഓഫീസർ